## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 13.03.2020-ൽ മറുപടിക്ക്

ചോദ്യം നം.2908

### പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രത്തിൽ കോൾഡ് സ്റ്റോറേജ്, ഐസ്പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| കടലോരമേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | കടലോരമേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ അനിവാര്യമാണ്. പുതിയ ഐസ് പ്ലാന്റും കോൾഡ് സ്റ്റോറേജും നിർമ്മിക്കുന്നതിന് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയത് വിശദമായി പരിശോധിച്ചു വരുന്നു. ടി പദ്ധതി സാമ്പത്തിക ക്ഷമത പരിശോധിക്കാൻ മത്സ്യഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ